# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 71 18.03.2013-ൽ മറുപടി

### യാക്കോബായ - ഓർത്തഡോക്സ് സഭാ തർക്കം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സാജു പോൾ | ഉമ്മൻചാണ്ടി<br>( മുഖ്യമന്ത്രി) |
| എ) യാക്കോബായ - ഓർത്തഡോക്സ് സഭാ തർക്കം പരിഹരിക്കാൻ നിശ്ചയിച്ച മന്ത്രിതല ഉപസമിതിയുടെ പ്രവർത്തന പുരോഗതി വ്യക്തമാക്കാമോ ; | (എ) മന്ത്രിസഭാ ഉപസമിതി ഇരു വിഭാഗങ്ങളുമായി ഒറ്റയ്ക്കും കൂട്ടായും ഒട്ടേറെ തവണ ചർച്ചകൾ നടത്തുകയുണ്ടായി. പ്രശ്നപരിഹാരത്തിനുള്ള ശ്രമം തുടർന്നു വരുന്നു. |
| ബി) ഉപസമിതിയിലെ അംഗങ്ങൾ ആരൊക്കെയാണ്; | (ബി) ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി, എക്സൈസും തുറമുഖവും മത്സ്യബന്ധനവും വകുപ്പുമന്ത്രി, ഭക്ഷ്യവും പൊതു വിതരണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി, പഞ്ചായത്തും സാമൂഹ്യ ക്ഷേമവും വകുപ്പുമന്ത്രി, റവന്യൂ വകുപ്പുമന്ത്രി എന്നിവർ ഉപസമിതിയിലെ അംഗങ്ങളാണ്. |
| സി) സമിതി രൂപവൽക്കരിച്ചത് എന്നാണ് ; പിന്നീട് കൂടുതൽ മന്ത്രിമാരെ ചേർത്ത് വിപുലീകരിച്ചിട്ടുണ്ടോ ; വ്യക്തമാക്കാമോ ; | (സി) 09.10.2012 - ലെ സർക്കാർ ഉത്തരവ് (സാധാ) നം. 3023/2012/ആഭ്യന്തരം നമ്പർ ഉത്തരവു പ്രകാരമാണ് മന്ത്രിസഭാ ഉപസമിതി രൂപീകരിച്ചത്. കൂടുതൽ മന്ത്രിമാരെ ചേർത്ത് മന്ത്രിസഭാ ഉപസമിതി പിന്നീട് വിപുലീകരിച്ചിട്ടില്ല. |
| ഡി) ഇതിനകം എത്ര പ്രാവശ്യം സമിതി യോഗം ചേർന്നു ; എതെല്ലാം തീയതികളിൽ ; ആരെല്ലാം പങ്കെടുത്തുവെന്ന് വ്യക്തമാക്കാമോ ; | (ഡി) ഒട്ടേറെ തവണ യോഗം ചേർന്നിട്ടുണ്ട്. യോഗങ്ങളിൽ ഉപസമിതി അംഗങ്ങൾക്കുപുറമെ ഇരു വിഭാഗത്തെ പ്രതിനിധികളും ഒറ്റയ്ക്കും കൂട്ടായും പങ്കെടുത്തിട്ടുണ്ട്. |
| ഇ) സമിതിയുടെ ശ്രമഫലമായി പരിഹരിക്കപ്പെട്ട വിഷയങ്ങൾ എതൊക്കെയാണ് ; തുടർന്ന് പരിഗണിക്കാനിരിക്കുന്ന തർക്ക പ്രശ്നങ്ങൾ എതെല്ലാം ; | (ഇ) പ്രശ്നപരിഹാരത്തിനുള്ള ശ്രമങ്ങൾ തുടരുന്നതേയുള്ളൂ. |
| എഫ്) മന്ത്രിതല ഉപസമിതിയെ സഹായിക്കുന്നതിന് ഉദ്യോഗസ്ഥതല കമ്മിറ്റി രൂപവൽക്കരിച്ചിട്ടുണ്ടോ ; ഇതിലെ അംഗങ്ങൾ ആരെല്ലാം ; ഉദ്യോഗസ്ഥതല കമ്മിറ്റി എത്ര പ്രാവശ്യം യോഗം ചേർന്നു ; എതെല്ലാം തീയതികളിൽ ; ആരെല്ലാം പങ്കെടുത്തുവെന്ന് വ്യക്തമാക്കാമോ ? | എഫ്) ഇതിനായി പ്രത്യേക ഉദ്യോഗസ്ഥതല സമിതി സംബന്ധിച്ച് ഇരുവിഭാഗവും തമ്മിൽ യോജിപ്പിൽ എത്താൻ കഴിയാതെ വന്നതിനാൽ രൂപീകരിച്ചില്ല. |

സെക്ഷൻ ഓഫീസർ